# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.08.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പാർലമെന്റ് അംഗങ്ങൾക്കായി പുതുതായി നിർമ്മിച്ച ഫ്ലാറ്റുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ നിർവഹിക്കും.

   Prime Minister Narendra Modi will inaugurate newly constructed Flats for Members of Parliament in New Delhi today.

2. കർഷകർക്കുളള 3,200 കോടിയിലധികം രൂപയുടെ വിള ഇൻഷുറൻസ് ക്ലെയിമുകൾ കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് രാജസ്ഥാനിൽ വിതരണം ചെയ്യും.

   Agriculture Minister Shivraj Singh Chouhan will distribute crop insurance claims worth over 3 thousand 200 crore rupees to farmers during an event in Rajasthan today

3. കേരളത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സമുചിത വിള നിർണയ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും.

Chief Minister Pinarayi Vijayan will inaugurate the state-level crop selection project for local self-government bodies in Kerala today.

4. ഗാസ നഗരത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാനുമുള്ള ഇസ്രായേലിന്റെ തീരുമാനം ചർച്ച ചെയ്യാൻ അടിയന്തര യോഗം ചേർന്ന് ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിൽ.

UN Security Council holds emergency meeting to address Israel's decision to take control of Gaza City.

5. ഏഷ്യൻ അണ്ടർ 19 ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്ക് മൂന്ന് സ്വർണം ഉൾപ്പടെ 14 മെഡലുകൾ.

India wins 14 medals, including three gold, at the Asian Under-19 Boxing Championships.

*********************************

## EVE PM - MP FLATS

പാർലമെന്റ് അംഗങ്ങൾക്കായി പുതുതായി നിർമ്മിച്ച 184 ബഹുനില ഫ്ലാറ്റുകളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ നിർവഹിക്കും. എം പി മാരുടെയും ജീവനക്കാരുടേയും താമസത്തിനും, ഔദ്യോഗിക ആവശ്യങ്ങൾക്കും സൗകര്യം ഒരുക്കുന്ന ഫ്ലാറ്റുകളാണ് ബാബാ ഖഡക് സിംഗ് മാർഗിൽ നിർമിച്ചിട്ടുള്ളത്. തുടർന്ന് അദ്ദേഹം ഒരു സിന്ദൂർ വൃക്ഷത്തൈ നടുകയും പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുകയും ചെയ്യും.

*********************************

## PM – BENGALURU INTRO

അത്യാധുനിക സാങ്കേതികവിദ്യയയും മെയ്ക്ക് ഇൻ ഇന്ത്യ സംരംഭവും പ്രതിരോധ മേഖലയിൽ കൊണ്ടുവന്ന പുരോഗതി ഓപ്പറേഷൻ സിന്ദൂറിന്റെ വിജയത്തിന് കാരണമായെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സാങ്കേതികവിദ്യയിൽ കൂടുതൽ സ്വാശ്രയത്വത്തിന് ആഹ്വാനം ചെയ്ത പ്രധാനമന്ത്രി, "സീറോ ഡിഫെക്റ്റ്, സീറോ ഇഫക്റ്റ്" എന്ന ഉൽപ്പാദന രീതിക്ക് ഊന്നൽ നൽകുമെന്നും ബെംഗളൂരുവിൽ ഒരു സമ്മേളനത്തിൽ വ്യക്തമാക്കി. ബെംഗളൂരു ഇന്ത്യയ്ക്ക് ആഗോള ഐടി ഭൂപടത്തിൽ സ്ഥാനം നേടിത്തന്നെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

*******************************************

## SHIVRAJ – CROP INSURANCE

രാജസ്ഥാനിലെ ജുൻജുനുവിൽ ഇന്ന് നടക്കുന്ന പരിപാടിയിൽ 30 ലക്ഷത്തിലധികം കർഷകർക്ക് 3,200 കോടിയിലധികം രൂപയുടെ വിള ഇൻഷുറൻസ് ക്ലെയിമുകൾ കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ വിതരണം ചെയ്യും. രാജ്യത്തുടനീളമുള്ള വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കർഷകർ വെർച്വലായി പരിപാടിയിൽ പങ്കെടുക്കും.

*******************************************

## MP – RAJNATH BEML RAIL （INTRO)

മധ്യപ്രദേശിലെ റായ്സെനിൽ 1,800 കോടി രൂപ ചിലവിൽ സജ്ജമാക്കുന്ന റെയിൽ നിർമ്മാണശാലയുടെ ശിലാസ്ഥാപനം, രാജ്യരക്ഷാമന്ത്രി രാജ് നാഥ് സിംഗ് നിർവഹിച്ചു. അറുപത് ഹെക്ടറിലധികം വിസ്തൃതിയിൽ പരന്നുകിടക്കുന്ന BEML Rail Hub, അയ്യായിരത്തിലധികം പേർക്ക് തൊഴിൽ നൽകും. വന്ദേ ഭാരത്,

അമൃത് ഭാരത് മെട്രോ ട്രെയിനുകൾക്കാവശ്യമായ അത്യാധുനിക കോച്ചുകൾ ഇവിടെ നിർമിക്കുമെന്നും മന്ത്രി പറഞ്ഞു.

(വോയ്സ്)

*******************************

## EC – RAHUL GANDHI

2024 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടർ തട്ടിപ്പ് നടത്തിയെന്ന ആരോപണത്തിന് തെളിവുകൾ ആവശ്യപ്പെട്ട് കർണാടക ചീഫ് ഇലക്ടറൽ ഓഫീസർ രാഹുൽ ഗാന്ധിക്ക് നോട്ടീസ് അയച്ചു. സിഇഒയുടെ ഓഫീസ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ഒരു വോട്ടർ രണ്ടുതവണ വോട്ടുരേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടില്ലെന്ന് നോട്ടീസിൽ പറയുന്നു. കർണാടകയിലെ മഹാദേവപുര നിയമസഭാ മണ്ഡലത്തിൽ വൻതോതിലുള്ള വോട്ട് മോഷണം നടന്നതായി ആരോപിച്ച് രാഹുൽ ഗാന്ധി നടത്തിയ പത്രസമ്മേളനത്തെ തുടർന്നാണ് നടപടി.

*******************************

## AIR INDIA

റഡാറുമായുള്ള ബന്ധത്തിൽ തകരാർ നേരിട്ടതിനെ തുടർന്ന് തിരുവനന്തപുരം - ഡൽഹി വിമാനം, ചെന്നൈ വിമാനത്താവളത്തിൽ ഇറക്കി. എയർ ഇന്ത്യ 2455 വിമാനമാണ് അടിയന്തര ലാൻഡിങ് നടത്തിയത്. മറ്റൊരു വിമാനത്തിൽ യാത്രക്കാരെ ഡൽഹിയിൽ എത്തിച്ചു. കെ സി വേണുഗോപാൽ, കൊടിക്കുന്നിൽ സുരേഷ്, അടൂർ പ്രകാശ്, കെ രാധാകൃഷ്ണൻ, റോബർട്ട് ബ്രൂസ് എന്നീ അഞ്ച് എംപിമാർ വിമാനത്തിൽ ഉണ്ടായിരുന്നു.

*******************************

## VOTERS LIST

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കരട് വോട്ടർപട്ടിക പുതുക്കുന്നതിന് നാളെ വരെ സമയം അനുവദിച്ചിട്ടുണ്ട്. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

***********************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***********************************

## KANNUR INAUGU. CM

കേരളത്തിൽ ഭൂവിനിയോഗ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നടത്തുന്ന സമുചിത വിള നിർണയ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവ്വഹിക്കും. ലാൻഡ് റിസോഴ്സ് ഇൻഫോർമേഷൻ സിസ്റ്റം വെബ്സൈറ്റിന്റെ പ്രകാശനവും ഇതോടൊപ്പം നടക്കും.

***********************************

## ELECTION COMMISSION

തൃശ്ശൂരിലെ വോട്ടർപട്ടികയിൽ ക്രമക്കേട് നടന്നതുമായി ബന്ധപ്പെട്ട് ഉന്നയിച്ച ആരോപണത്തിൽ മുൻ മന്ത്രി വി എസ് സുനിൽകുമാറിന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ നോട്ടീസ് അയച്ചു. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് സുതാര്യമായ രീതിയിലാണ് വോട്ടർ പട്ടിക തയ്യാറാക്കുന്നതെന്ന് ശ്രീ രത്തൻ. യു. ഖേൽക്കർ വ്യക്തമാക്കി.

****************************************

## INDEPENDENCE DAY- PM

79-ാമത് സ്വാതന്ത്ര്യദിന പ്രസംഗത്തിനായി ആശയങ്ങൾ പങ്കിടാൻ രാജ്യത്തെ ജനങ്ങളെ ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ചുവപ്പ്കോട്ടയിൽ നടക്കുന്ന പ്രസംഗത്തിൽ ഉൾപ്പെടുത്താനായാണ് ചിന്തകളും ആശയങ്ങളും ക്ഷണിച്ചത്.

****************************************

## HAR GHAR TIRANGA

ഹർ ഖർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയവും ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷനും സംയുക്തമായി ന്യൂഡൽഹിയിൽ മൂന്ന് ദിവസത്തെ ചലച്ചിത്ര മേള സംഘടിപ്പിക്കും. ഇന്ന് ആരംഭിക്കുന്ന ചലച്ചിത്ര മേളയുടെ ആദ്യ പ്രദർശനത്തിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവും കേന്ദ്ര സഹമന്ത്രി എൽ മുരുകനും പങ്കെടുക്കും.

****************************************

## UNITED NATIONS SECURITY COUNCIL

സൈനിക പ്രവർത്തനങ്ങൾ വിപുലീകരിക്കാനും ഗാസ നഗരത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാനുമുള്ള ഇസ്രായേലിന്റെ തീരുമാനത്തെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിൽ അടിയന്തര യോഗം ചേർന്നു. നിരവധി യൂറോപ്യൻ അംഗങ്ങൾ അഭ്യർത്ഥിച്ചതിനെത്തുടർന്നാണ് യോഗം വിളിച്ചുചേർത്തത്. ഗാസ നഗരം പിടിച്ചെടുക്കാനുള്ള പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിന്റെ പദ്ധതിക്ക് വെള്ളിയാഴ്ച ഇസ്രായേൽ സുരക്ഷാ മന്ത്രിസഭ അംഗീകാരം നൽകിയുരുന്നു.

****************************************

## ASIAN BOXING

ഏഷ്യൻ അണ്ടർ 19 ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യ 14 മെഡലുകൾ നേടി. മൂന്ന് സ്വർണം, ഏഴ് വെള്ളി, നാല് വെങ്കലം എന്നിവയുൾപ്പെടെയാണ് ഇന്ത്യയുടെ നേട്ടം. വനിതാ വിഭാഗത്തിൽ ഇന്ത്യൻ ബോക്സർമാർ ഒന്നാം സ്ഥാനം നേടി. ഇന്ത്യൻ താരം നിഷ 54 കിലോഗ്രാം വിഭാഗത്തിലും മുസ്കാൻ 57 കിലോഗ്രാം വിഭാഗത്തിലും സ്വർണ്ണം നേടി. പുരുഷന്മാരുടെ ഫൈനലിൽ രാഹുൽ കുണ്ടുവും 75 കിലോഗ്രാം വിഭാഗത്തിൽ സ്വർണം സ്വന്തമാക്കി.

*********************************************

## QUANTBOX CHENNAI GRANDMASTERS

ചെന്നൈ ഗ്രാൻഡ്മാസ്റ്റേഴ്സിൽ ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യയുടെ നിഹാൽ സരിൻ വിജയം നേടി. അർജുൻ എറിഗാസിയെയാണ് നിഹാൽ പരാജയപ്പെടുത്തിയത്. മറ്റൊരു മത്സരത്തിൽ വൈശാലി രമേശ്ബാബുവിനെ ജിഎം അഭിമന്യു പുരാണിക് പരാജയപ്പെടുത്തി.

*********************************************

## WOMENS FOOTBALL

ഇന്ത്യയുടെ അണ്ടർ-20 വനിതാ ഫുട്ബോൾ ടീം 2026-ലെ AFC വനിതാ ഏഷ്യൻ കപ്പ് ഫുട്ബോളിന് യോഗ്യത നേടി. യാംഗോണിൽ നടന്ന മത്സരത്തിൽ ആതിഥേയരായ മ്യാൻമറെ 1-0 ന് തോൽപ്പിച്ചതോടെയാണ് ഇന്ത്യ യോഗ്യത നേടിയത്. 20 വർഷത്തിനുശേഷമാണ് ഇന്ത്യയുടെ ടൂർണമെന്റ് പ്രവേശനം. തായ് ലൻഡിലാണ് ഏഷ്യൻ കപ്പ് മത്സരങ്ങൾ നടക്കുക.

*********************************************

## RUGBY

ബീഹാറിലെ രാജ്ഗിറിൽ നടക്കുന്ന ഏഷ്യൻ റഗ്ബി എമിറേറ്റ്സ് അണ്ടർ-20 ചാമ്പ്യൻഷിപ്പിൽ ഉസ്ബെക്കിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യൻ വനിതാ താരങ്ങൾ വെങ്കല മെഡൽ നേടി. ആദ്യമായാണ് ഇന്ത്യൻ വനിതകൾ ഏഷ്യൻ റഗ്ബി എമിറേറ്റ്സ് അണ്ടർ-20 ചാമ്പ്യൻഷിപ്പിൽ മെഡൽ നേടുന്നത്.

**********************************

## REV.SURFING-MEDAL

ഏഷ്യൻ സർഫിങ് ചാംപ്യൻഷിപ്പിൽ മെഡൽ നേടുന്ന ആദ്യ ഇന്ത്യൻ കായികതാരമായി രമേഷ് ബുദിഹാൽ. പുരുഷന്മാരുടെ ഓപ്പൺ കാറ്റഗറിയിൽ രമേഷ് ബുദിഹാൽ വെങ്കലം കരസ്ഥമാക്കി. തമിഴ്നാട്ടിലെ മഹാബലിപുരത്ത് നടന്ന മത്സരത്തിൽ 12.60 പോയിന്റുമായാണ് അദ്ദേഹം മൂന്നാം സ്ഥാനത്ത് എത്തിയത്.

**********************************

## KANNUR ARALAM FARM

കണ്ണൂർ ആറളം ഫാമിലും പുനരധിവാസമേഖലയിലും തമ്പടിച്ചിരിക്കുന്ന കാട്ടാനകളെ വനത്തിലേക്ക് തുരത്തുന്നതിനുള്ള ഓപ്പറേഷൻ ഗജമുക്തി പദ്ധതിക്ക് ഇന്ന് തുടക്കമാവും. വിവിധ വകുപ്പുകളുടേയും പ്രദേശിക സമൂഹത്തിൻറെയും സഹകരണത്തോടെ ആനകളെ സുരക്ഷിതമായി വന്യജീവി സങ്കേതത്തിലേക്ക് തിരിച്ചയക്കുന്നതിന് നടപ്പാക്കുന്ന പദ്ധതിയാണ് ഓപ്പറേഷൻ ഗജമുക്തി.

**********************************

## IMD

ഉത്തരാഖണ്ഡിലും ഹിമാചൽ പ്രദേശിലും അടുത്ത ഏഴ് ദിവസം അതിതീവ്ര മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. രണ്ട് സംസ്ഥാനങ്ങളിലും ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. മധ്യ -

പടിഞ്ഞാറൻ ഇന്ത്യയിലും ആൻറമാൻ നിക്കോബാർ ദ്വീപിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

**********************************

## REV DAY UTTARKASHI – RESCUE OPERATION

ഉത്തരാഖണ്ഡിൽ മേഘ വിസ്ഫോടനം ഉണ്ടായ ഉത്തരകാശി ജില്ലയിലെ ധരാലി പ്രദേശത്ത് രക്ഷാപ്രവർത്തനം തുടരുന്നു. ദുരിതബാധിത പ്രദേശങ്ങളിലേക്ക് ഭക്ഷ്യധാന്യങ്ങളും അവശ്യ വസ്തുക്കളും എത്തിക്കുന്നതിനൊപ്പം, കുടുങ്ങിക്കിടക്കുന്നവരെ വിമാനമാർഗം രക്ഷിക്കുന്നുണ്ടെന്നും ഉത്തരാഖണ്ഡ് പൊലീസ് പറഞ്ഞു.

**********************************

## JAMMU AND KASHMIR-ENCOUNTER

ജമ്മു കശ്മീരിലെ കിഷ്ത്വാർ ജില്ലയിലെ ക്വാർ ദൂൾ പ്രദേശത്ത് സുരക്ഷാ സേനയും പാകിസ്ഥാൻ ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ. രണ്ട് പാകിസ്ഥാൻ ഭീകരർ പ്രദേശത്ത് കുടുങ്ങിക്കിടക്കുന്നുണ്ടെന്നാണ് റിപ്പോർട്ടുകൾ. സുരക്ഷാ സേനക്ക് ലഭിച്ച രഹസ്യ വിവരത്തെത്തുടർന്ന് നടത്തിയ തെരച്ചിലിനിടെയാണ് ഏറ്റുമുട്ടലുണ്ടായത്. ഇന്നലെ ആരംഭിച്ച ഏറ്റുമുട്ടൽ തുടരുകയാണ്.

**********************************

## TURKEY QUAKE

പടിഞ്ഞാറൻ തുർക്കിയേയിലെ സിൻദിർഗിയിൽ ഇന്നലെ രാത്രിയോടെ ഭൂചലനം അനുഭവപ്പെട്ടു. 6.1 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ നിരവധി കെട്ടിടങ്ങൾക്കു കേടുപാടുകൾ സംഭവിച്ചു. ആർക്കും ജീവൻ നഷ്ടപ്പെട്ടതായി ഇതുവരെ റിപ്പോർട്ട് ചെയ്യിട്ടില്ല. ദുരന്ത നിവാരണ സേന പ്രദേശത്തു രക്ഷപ്രവർത്തനാം തുടരുന്നതായി തുർക്കിയെ ആഭ്യന്തര മന്ത്രി സമൂഹ മാധ്യമത്തിൽ പറഞ്ഞു.

****************************************

## IIST – VALIYAMALA

കേന്ദ്ര ബഹിരാകാശ വകുപ്പിന് കീഴിലുള്ള I I S T അക്കാദമിക സ്ഥാപനം മാത്രമല്ലെന്നും മികച്ച ബഹിരാകാശ ശാസ്ത്രജ്ഞരെയും സാങ്കേതിക വിദഗ്ധരെയും വാർത്തെടുക്കുന്ന അതുല്യമായ ഒന്നാണെന്നും ISRO ചെയർമാൻ ഡോ.വി നാരായണൻ. തിരുവനന്തപുരം വലിയമല ഐ ഐ എസ് ടി- യുടെ പതിമൂന്നാമത് ബിരുദദാന ചടങ്ങിനെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

****************************************

## EVE MANDAVIYA – FIT INDIA

രാജ്യത്തെ 40,000-ത്തിലധികം ഇടങ്ങളിലായി ഏഴ് ലക്ഷത്തിലധികം പേരിലേക്ക് ഫിറ്റ് ഇന്ത്യ സൺഡേയ്സ് ഓൺ സൈക്കിൾ പ്രചരിപ്പിക്കാനായതായി കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ. ഡൽഹിയിൽ നടന്ന 'സൺഡേയ്സ് ഓൺ സൈക്കിൾ ഫിറ്റ് ഇന്ത്യ' പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

****************************************

## US TARIFF – BACKFIRE

അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഏർപ്പെടുത്തിയ പകരച്ചുങ്കം, അമേരിക്കൻ സമ്പദ് വ്യവസ്ഥയുടെയും ഓഹരി വിപണിയുടെയും വളർച്ചയെ മന്ദഗതിയിലാക്കുമെന്ന് പഠനം. ഉയർന്ന ചുങ്കം അടിയന്തിരമായി പ്രതിസന്ധി സൃഷ്ടിച്ചില്ലെങ്കിലും, കാലക്രമേണ ഉപഭോക്താക്കളെ സമ്മർദത്തിൽ ആക്കുകയും, വിപണികളെ പ്രതിസന്ധിയിൽ എത്തിക്കുകയും ചെയ്യുമെന്ന് 'One World ഔട്ട്ലുക് റിപ്പോർട്ട് വ്യക്തമാക്കുന്നു.

********************************************************************************
*******************